## RESOLUTION No. 3

### Franchise to all workmen who earn their livelihood by working under Government license in land and water conveyances

*മിസ്റ്റർ വി. കെ. കുട്ടി: സർ, "മോട്ടോർകാർ, ബസ്സ്, മോട്ടോർബോട്ട്, സ്റ്റീംബോട്ട് മുതലായ കരവാഹനങ്ങളിലും ജലവാഹനങ്ങളിലും ഗവമ്മെണ്ടു ലൈസൻസ്മൂലം തൊഴിലെടുത്തു ജീവിക്കുന്ന എല്ലാ തൊഴിലാളികൾക്കും വോട്ടവകാശം നൽകണമെന്നു് ഈ കൌൺസിൽ മഹാരാജാവുതിരുമനസ്സിലെ ഗവമ്മെണ്ടിനോടപേക്ഷിക്കുന്നു." ഇതാണു് എന്റെ പ്രമേയം. ഇപ്പോൾ നടപ്പിലിരിക്കുന്ന വോട്ടവകാശസമ്പ്രദായം നോക്കിയാൽ ഈ ഒരു വർഗ്ഗക്കാരൊഴിച്ചു് മറവള്ളവക്കെല്ലാം വോട്ടവകാശമുണ്ടെന്നു പറയുവാൻ സാധിക്കുന്നതാണു്. എന്തെങ്കിലും നികുതി കൊടുക്കുന്നവക്കു് വോട്ടവകാശമുണ്ടെന്നാണു് എന്റെ ബോദ്ധ്യം. അങ്ങിനെ നോക്കിയാൽ ഇതും ഒരു നികുതിയായിട്ടു കണക്കാക്കേണ്ടതാണു്. ടെക്നിക്കൽ ക്വാളിഫിക്കേഷൻസുള്ളവക്കെല്ലാം എന്തെങ്കിലും ഒരു ലൈസൻസ്സു വേണമെന്നു നിർബ്ബന്ധമുണ്ടു്. അതില്ലാതെ ജോലി കൊടുക്കുകയില്ല. ഗവമ്മെൻറു് അവരെ നേരിട്ടു പരിശോധിച്ചതിനു ശേഷം പണംവാങ്ങിച്ചു് ലൈസൻസ്സു കൊടുക്കും. ആ തരത്തിൽ എന്തെങ്കിലും ഒരു സംഖ്യ ഗവമ്മെൻറിലേക്കു കൊടുക്കുന്നവരാണു് ഇവർ. അതുകൊണ്ടു് ആ തോതനുസരിച്ചു് ഇവക്കും ധാരാളമായി വോട്ടവകാശത്തിനു് അർഹതയുണ്ടു്. ഈ ഒരു സംഗതി മാത്രമല്ല, കൊച്ചീരാജ്യത്തു് പ്രായപൂർത്തി വോട്ടവകാശം നടപ്പാക്കേണ്ടസമയം അതിക്രമിച്ചുകഴിഞ്ഞിരിക്കുന്നു എന്നു ഞാൻ പറഞ്ഞാൽ അതിൽ അതൃക്തം വിചാരിക്കുവാനില്ല. കൊച്ചിയുടെ ചരിത്രവും വിദ്യാഭ്യാസ പുരോഗതിയും എടുത്തുനോക്കിയാൽ ഇവിടെ പ്രായപൂർത്തി വോട്ടവകാശം കൊടുക്കുന്നതുകൊണ്ടു് യാതൊരപകടവും രാജ്യത്തിനു് വരുവാനില്ല. എങ്കിലും ഇപ്പോഴുള്ള തത്വത്തെ മുൻനിറുത്തി നോക്കുന്നപക്ഷം ഈ ഒരു വർഗ്ഗക്കാരെ ഒരിക്കലും ഒഴിച്ചുനിറുത്തുവാൻ പാടില്ലാത്തതാണു്. പൌരാവകാശം വേണമെന്നാഗ്രഹിക്കുന്നതു് സ്വാഭാവികമായിട്ടുള്ളതാണു്. അതു പ്രകൃതിദത്തമായ ഒരു സംഗതിയാണു്. അതിനെ അടിസ്ഥാനപ്പെടുത്തി മറവള്ളവക്കു കൊടുത്തിട്ടുള്ളതും നിയമപരിധിയിൽ പെടുത്തിയിട്ടുള്ളതുമായ ഒരവകാശം ഇവക്കുംകൂടി കിട്ടുവാൻ അർഹതയുണ്ടെന്നാണു ഞാൻ പറയുന്നതു്. ഈ പ്രമേയത്തെപ്പറ്റി അധികമൊന്നും പ്രസംഗിക്കണമെന്നു തോന്നുന്നില്ല. പ്രസംഗിച്ചു് ഈ സഭയുടെ സമയം കളയണമെന്നും ഞാൻ വിചാരിക്കുന്നില്ല. പെട്ടെന്നത്തെ മുൻനിറുത്തി ഈ പ്രമേയം ഈ സഭ അംഗീകരിച്ചു് പാസ്സാക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഇതു് ഇവിടെ അവതരിപ്പിച്ചുകൊള്ളുന്നു.

**Mr. M. K. Devassy** *(Adur):* I second it.

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ ഈ പ്രമേയത്തെ എതിർക്കുന്നില്ല. പക്ഷെ തൊഴിലാളിമെമ്പർ ഇത്ര അപൂർണ്ണമായ രീതിയിൽ വോട്ടവകാശത്തിന്റെ വിപുലീകരണം ആവശ്യപ്പെട്ടിട്ടുള്ളതിൽ എനിക്കുള്ള അതൃക്തത്തെക്കുറിച്ചാണു് ഇവിടെ അറിയിക്കാനുള്ളതു്. മോട്ടോർകാർ, ബസ്സ്, മോട്ടാർബോട്ട്, സ്റ്റീംബോട്ട് മുതലായ കരവാഹനങ്ങളിലും, ജലവാഹനങ്ങളിലും ഗവമ്മെണ്ടു് ലൈസൻസ്മൂലം തൊഴിലെടുത്തു ജീവിക്കുന്ന എല്ലാ തൊഴിലാളികൾക്കും വോട്ടവകാശം നൽകണമെന്നു് ഈ കൌൺസിൽ മഹാരാജാവുതിരുമനസ്സിലെ ഗവമ്മെണ്ടിനോടപേക്ഷിക്കു

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

ന്ന, എന്നാണു് പ്രമേയത്തിൽ പറഞ്ഞിരിക്കുന്നതു്. എല്ലാ തൊഴിലാളികൾക്കും വോട്ടവകാശം നൽകണമെന്നുള്ള പ്രമേയമാണു് കൊണ്ടുവന്നിരുന്നതെങ്കിൽ അതിനെ ഈ സഭ ഹൃദയപൂർവ്വം സഹായിക്കാതിരിക്കുകയില്ലെന്നുള്ള പൂർണ്ണബോദ്ധ്യം എനിക്കുണ്ടു്. ഈ സഭയിലെ എല്ലാ രാഷ്ട്രീയ കക്ഷികളും, മഹാരാജാവുതിരുമനസ്സിലെ പ്രായപൂർത്തിയുള്ള എല്ലാ പ്രജകൾക്കും വോട്ടവകാശം കൊടുക്കണമെന്നുള്ള അഭിപ്രായക്കാരായിരിക്കെ, ആ അഭിപ്രായം ഇതിനുമുമ്പുതന്നെ ഈ സഭ സ്വീകരിക്കുകയും ഈ സഭക്കു പുറമെനിന്നു പ്രമേയങ്ങൾ പാസാക്കി അയക്കുകയും ചെയ്തിരിക്കെ ഇത്രയും ചുരുങ്ങിയ രീതിയിൽ ഒരു വോട്ടവകാശം ആവശ്യപ്പെടുന്നതു് ബഹുമാനപ്പെട്ട മെമ്പർക്കു് പ്രമേയത്തിൽ പറയുന്നതരത്തിലുള്ള തരം തൊഴിലാളികളോടുമാത്രം പ്രത്യേക വാത്സല്യമുള്ളതുകൊണ്ടാണൊ എന്നു നോക്കേണ്ടതാണു്. ഇതിനുമുമ്പിൽ ഈ സഭ പ്രതിവാദിച്ചതായ ബഹുമാനപ്പെട്ട നെല്ലായി മെമ്പറുടെ പ്രമേയത്തെ തൊഴിലാളിമെമ്പർ എതിർത്തു് വോട്ടുചെയ്തതിൽ വളരെ വേദനയുണ്ടു്. അതു് വളരെ കഷ്ടകരമായ തൊഴിലാളികൾക്കു തൊഴിലുണ്ടാക്കുവാനുള്ള ഒരു പ്രമേയമാണു്. ഒരു മനുഷ്യന്റെ പ്രഥമാവശ്യമായ ഭക്ഷണസാധനത്തിനുള്ള മാർഗ്ഗമായിരുന്ന ബഹുമാനപ്പെട്ട നെല്ലായി മെമ്പറുടെ പ്രമേയം. നെൽകൃഷി വർദ്ധമാനമാക്കാനുള്ള പ്രമേയത്തെ ബഹുമാനപ്പെട്ട തൊഴിലാളി മെമ്പർ അനുഭാവശൂന്യമായി എതിർത്തു.

മിസ്റ്റർ വി. കെ. കുട്ടി: ആ പ്രമേയം മുതലാളിമാർക്കുമാത്രം ഗുണകരമായിട്ടുള്ളതാണെന്നാണു് എന്റെ വിശ്വാസം. പണമുള്ളവർക്കുമാത്രമേ അതു പ്രയോജനപ്പെടുകയുള്ളു. ഒരൊറ്റ തൊഴിലാളിയെങ്കിലും പണം ചിലവുചെയ്യുവാൻ പ്രാപ്തരല്ലെന്ന വിശ്വാസത്തോടുകൂടിയാണു് ഞാൻ അതിനെ എതിർത്തതു്.

മിസ്റ്റർ സി. വി. ഇയ്യു: ഇന്നത്തെ തൊഴിലാളിമെമ്പർ മുതലാളിനിയോജകമണ്ഡലത്തിൽ പ്രതിനിധികരിക്കാനുദ്ദേശിച്ചിരുന്ന ഒരു മുതലാളിയാണു്. അങ്ങിനെയിരിക്കെ അദ്ദേഹം തൊഴിലാളിമെമ്പറുടെ നിലയിൽ നിന്നുകൊണ്ടു് ഗവർമ്മെൻറിന്റെ ഭാഗം യോജിച്ചു നിന്നതിൽ യഥാർത്ഥതൊഴിലാളികളോടു ഞാൻ സഹതപിക്കുന്നു! തൊഴിലാളിമെമ്പർ ഇപ്പോൾ പറഞ്ഞ അഭിപ്രായത്തോടു വകതിരിവുള്ള തൊഴിലാളികൾ യോജിക്കുകയില്ല. മുതലാളിമാർ പണം ചിലവിടുവാനുണ്ടെങ്കിൽ അതിന്റെ ഗുണം കിട്ടുന്നതു് തൊഴിലാളികൾക്കാണു്. നെല്ലിനു വില കൂടുതൽ കിട്ടുന്നതുകൊണ്ടു് മുതലാളിമാരേക്കാൾ കൂടുതൽ ഗുണം തൊഴിലാളികൾക്കല്ലാതെ മറ്റാർക്കാണു്?

ഡെപ്യൂട്ടി പ്രസിഡണ്ടു്: മിസ്റ്റർ രാമചന്ദ്രയ്യരുടെ പ്രമേയമല്ല ഇവിടെ ആലോചനയിലിരിക്കുന്നതു്.

മിസ്റ്റർ സി. വി. ഇയ്യു: ബഹുമാനപ്പെട്ട തൊഴിലാളിമെമ്പറുടെ മുതലാളിതത്വമനസ്ഥിതി വെളിവാക്കാനാണു് ഞാൻ ഇത്രയും പറഞ്ഞതു്. എല്ലാ തൊഴിലാളികൾക്കും വോട്ടവകാശം കൊടുക്കണമെന്നുള്ള പ്രമേയമാണു് കൊണ്ടുവന്നിരുന്നതെങ്കിൽ ഞാൻ അതിനോടു പൂർണ്ണമായി യോജിക്കുമായിരുന്നു. അതുകൊണ്ടു് ഈ പ്രമേയത്തെ പരിപൂർണ്ണമായി സ്വാഗതം ചെയ്യുവാൻ മാർഗ്ഗം കാണാത്തതിൽ വ്യസനിക്കുന്നു.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: സർ, ഇവിടെ അവതരിക്കപ്പെട്ടിരിക്കുന്ന പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു. അതോടുകൂടി ബഹുമാനപ്പെട്ട കുന്നംകുളം മെമ്പർ ഈ പ്രമേയത്തെ പ്രതികൂലിക്കുന്നതിനു കൊണ്ടുവന്നിട്ടുള്ള.....

മിസ്റ്റർ സി. വി. ഇയ്യു: ഞാൻ പ്രതികൂലിച്ചില്ല.

LIBRARY ARCHIVES Kerala Legislative Assembly

*മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: പ്രതിക്രൂലിക്കുന്നതിനോ വിമർശിക്കുന്നതിനോ ഇവിടെ കൊണ്ടുവന്നിട്ടുള്ള ചില വാദങ്ങളെക്കുറിച്ച് രണ്ടു വാക്കു പറയേണ്ടതായിവന്നിരിക്കുന്നു. ഇവിടത്തെ രാഷ്ട്രീയകക്ഷികളെല്ലാംതന്നെ പ്രായപൂർത്തി വോട്ടവകാശത്തിനും പരിപൂർണ്ണമായ ഉത്തരവാദിത്വഭരണത്തിനും അതുപോലെ മനോഹരങ്ങളായ പല ആദർശങ്ങൾക്കും വേണ്ടിയാണു് നിലകൊള്ളുന്നതെന്നുള്ളതുകൊണ്ടു് ഇത്തരം പ്രായോഗികങ്ങളായ പ്രമേയങ്ങളെ ഈ സഭ അംഗീകരിക്കുന്നതെന്നു പറഞ്ഞാൽ അതിനു തീരെ അത്ഭുതമില്ല. പ്രായപൂർത്തിയുള്ള എല്ലാവർക്കും നിയമസഭാ തിരഞ്ഞെടുപ്പിനും പ്രാദേശികമായ പ്രാതിനിധ്യം സ്ഥാപിക്കുവാനുള്ള തിരഞ്ഞെടുപ്പിനും അവകാശം സിദ്ധിക്കണമെന്നുള്ള തത്വത്തിനു ശക്തി വർദ്ധിക്കുന്നതോടുകൂടി ഇപ്പോൾ നിലവിലുള്ള സമ്മതിദാനാവകാശത്തെ വിപുലീകരിക്കുവാനുള്ള ശ്രമങ്ങളും നമുക്കു് തുടങ്ങേണ്ടതായിട്ടുണ്ടു്. ബഹുമാനപ്പെട്ട തൊഴിലാളി മെമ്പർ ഒരു പ്രത്യേകതരം ലൈസൻസ്സു ഫീസ്സു് മുമ്പത്തപ്പെട്ട ആളുകൾക്കു സമ്മതിദാനാവകാശം നല്കണമെന്നാണു് ആവശ്യപ്പെടുന്നതു്. എല്ലാ തൊഴിലാളികൾക്കും വോട്ടവകാശം വേണമെന്നുള്ളതു് സ്വീകരിക്കപ്പെടുകയാണെങ്കിൽ, അപ്രകാരമുള്ള ബഹുമാനപ്പെട്ട കുന്നംകുളം മെമ്പറുടെ നിർദ്ദേശം സ്വീകരിക്കപ്പെടുകയാണെങ്കിൽ ഈ തൊഴിലാളികളുടെ നിവ്വചനമെന്തായിരിക്കുമെന്നുള്ളതിനെക്കുറിച്ചു് ആലോചിക്കേണ്ടതായിവരും. ലൈസൻസ്സുഫീസ്സു് പിരിച്ചു് ഗവമ്മെണ്ടു് ഭരണം നടത്തുന്ന സ്ഥിതിക്കു് ആ പണം കൊടുക്കുന്നവർക്കു് ഭരണകൃടത്തെ നിയന്ത്രിക്കുവാനുള്ള അവകാശം ഉണ്ടായിരിക്കത്തക്കവിധത്തിൽ സമ്മതിദാനാവകാശം നൽകണമെന്നുള്ള ഒരു പ്രമേയമാണു് നമ്മുടെ മുമ്പാകെ അവതരിപ്പിക്കപ്പെട്ടിട്ടുള്ളതു്. മുനിസിപ്പാലിറ്റികളിൽ ലൈസൻസ്സുഫീസ്സു് കൊടുക്കുന്ന എല്ലാവർക്കുംതന്നെ വോട്ടവകാശം നൽകപ്പെട്ടിട്ടുണ്ടു്.

**Mr. C. R. Iyyunni** *(Trichur-South):* May I know, whether the ricksha-wallas have to pay any license fees so that they might do the work?

**Mr. A. Madhava Prabhu** *(Diwan Peishkar):* Yes.

മിസ്റ്റർ കെ. ആർ. വിശ്വംഭരൻ: അപ്രകാരം കൊച്ചിയിലെ പല നഗരങ്ങളിലും ലൈസൻസ്സുഫീസ്സു് കൊടുക്കുന്ന ആളുകൾക്കു് വോട്ടവകാശം അനുവദിച്ചിരിക്കുന്ന സ്ഥിതിക്കു് ഈ രാജ്യത്തെ നിയമസഭാ തിരഞ്ഞെടുപ്പിനും അവർക്കു് വോട്ടവകാശം കൊടുക്കേണ്ടതാണു്. ഇതു് ഏറ്റവും ന്യായമായ ഒരപേക്ഷയായിട്ടാണു് വിചാരിക്കേണ്ടതു്. എന്നുമാത്രമല്ല, മോട്ടാർ വ്യവസായം, ബോട്ടു വ്യവസായം ഇവയെല്ലാം പൊതുജന ജീവിതത്തിൽ വലിയ പ്രാധാന്യമർഹിക്കുന്ന ഏർപ്പാടുകളാകുന്നു. മദിരാശി നഗരത്തിൽ മോട്ടാർ ജോലിയിൽ ഏർപ്പെട്ടിട്ടുള്ള ആളുകൾ ഇപ്പോൾ ചില പ്രസ്ഥാനങ്ങൾ ആരംഭിക്കുകയും, അവരുടെ അവകാശസ്ഥാപനത്തിനുവേണ്ടി ചില തൊഴിൽ മുടക്കങ്ങൾ വരുത്തുകയും ഗവമ്മെണ്ടു് ആ കാര്യത്തിൽ ഏർപ്പെടുകയും ചെയ്തിട്ടുള്ള സംഗതി പത്രങ്ങളിൽനിന്നും നമുക്കു് മനസ്സിലായിട്ടുണ്ടു്. മോട്ടാർ വ്യവസായം വഴിയോ അതുപോലെ മറ്റുതരത്തിൽ ലൈസൻസ്സു ഫീസ്സു് വഴിയോ ഗവമ്മെണ്ടിലേക്കു് ഒരു വലിയ സംഖ്യ ആദായം വരുന്നുണ്ടു്. അങ്ങിനെ ഗവമ്മെണ്ടിന്റെ ഭണ്ഡാഗാരത്തിൽ വലിയൊരു തുക തരുന്ന ഇത്തരം തൊഴിലാളികളുടെ സമ്മതിദാനാവകാശ നിർണ്ണയത്തിൽ ഒരു പ്രത്യേക സ്ഥാനം നൽകുന്ന ഈ വോട്ടവകാശം കൊടുത്തു് അതു് പ്രായപൂർത്തി വോട്ടവകാശത്തിന്റെ പ്രഥമപടിയായി പരിഗണിക്കപ്പെടണമെന്നുള്ള ഈ പ്രമേ

*Speech not corrected by the hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

യം ഈ സഭയുടെ സ്വീകരണത്തെ അർഹിക്കുന്നുണ്ടെന്നുള്ള അഭിപ്രായത്തോടുകൂടി ഞാൻ വിരമിക്കുന്നു.

**Mr. A. V. Moothedan** *(Chalakkudi):* Sir, I do not oppose this resolution. But I wish to point out one or two difficulties. The resolution seems to give franchise to motor car drivers, motor boat drivers, etc. Now, my point is, even if franchise is conferred upon these people, no useful purpose will be served, because they will be always on duty going from one place to another.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* You go to Trichur at times for practice.

**Mr. A. V. Moothedan** *(Chalakkudi):* Occasionally I may go. But here these people have got regular business to go to Cranganur, Alleppey &c. Therefore, I say that no useful purpose will be served by this.

മിസ്റ്റർ വി. ജെ. മത്തായി: സമ്മതിദാനാവകാശം കഴിയുന്നത്ര വിപുലീകരിക്കണമെന്നുള്ള അഭിപ്രായക്കാരനാണ് ഞാൻ. ആദ്യം ഈ നിയമസഭയിൽ കാലുവെച്ചതുമുതൽ ഇന്നുവരെ നിവൃത്തിയുള്ളിടത്തോളം പ്രായപൂർത്തി വോട്ടവകാശം നടപ്പിൽ വരുത്തുവാൻ വേണ്ടുന്നതൊക്കെ ചെയ്യണമെന്നുള്ള വിചാരക്കാരനാണ് ഞാൻ. ആ സ്ഥിതിക്ക് ഏതാനും ചില തൊഴിലാളികൾക്കു മാത്രം സമ്മതിദാനാവകാശം കൊടുക്കണമെന്നുള്ള ഉദ്ദേശത്തോടുകൂടി കൊണ്ടുവന്നിട്ടുള്ള ഈ പ്രമേയത്തെപ്പറ്റി അതിശയിക്കുകയാണ് ചെയ്യുന്നത്. മോട്ടോർ വാഹനങ്ങളിൽ ജോലിയെടുക്കുന്ന ഡ്രൈവർമാർക്കും, കണ്ടക്ടർമാർക്കും മറ്റു ലൈസൻസ്സെടുത്തിട്ടുള്ള തൊഴിലാളികൾക്കും സമ്മതിദാനാവകാശം കൊടുക്കണമെന്നു മാത്രം ആവശ്യപ്പെട്ടുകൊണ്ട്, വക്കീൽ ഗുമസ്ഥന്മാർ, ന-ാം ഫാറം പാസ്സായിട്ടില്ലാത്തവരായ സ്കൂൾ മാസ്റ്റർമാർ, ഗവൺമെണ്ടിന്റെ പല പ്രധാന തുറകളിൽ ഉള്ള ഉദ്യോഗസ്ഥന്മാർ മുതലായ മാനമായിട്ടും വിലയായിട്ടും നിലയായിട്ടും ജീവിക്കുന്ന അനവധി തൊഴിലാളികൾ ഇവക്കാക്കും സമ്മതിദാനാവകാശം കൊടുക്കേണ്ടതിനെപ്പറ്റി യാതൊന്നും പറയാതെ ഇങ്ങിനെയൊരു പ്രമേയം കൊണ്ടുവന്നിരിക്കുന്നത് അപൂർണ്ണവും പക്ഷപാതപരവുമാണെന്നു പറയാതെ തരമില്ല. ന-ാം ഫാറം പാസ്സായിട്ടില്ലാത്ത അനവധി ഗവൺമെണ്ടുദ്യോഗസ്ഥന്മാരുണ്ട്. അവക്കാക്കും വോട്ടില്ല. വക്കീൽ ഗുമസ്ഥന്മാരിലും വളരെ നല്ല നിലയിൽ കഴിഞ്ഞുകൂടുന്നവരുണ്ട്. അവക്കും വോട്ടവകാശമില്ല.

ഡെപ്യൂട്ടി പ്രസിഡണ്ട്: അവതാരകന്റെ പൊസിഷൻ അതല്ല.

മിസ്റ്റർ വി. ജെ. മത്തായി: ലൈസൻസ്സഫീസ്സ് കൊടുക്കുന്ന തൊഴിലാളികളേക്കാൾ പലവിധത്തിൽ ഈ സ്റ്റേറ്റിന്റെ ഭണ്ഡാഗാരത്തിൽ വരുമാനം വരുത്തുന്നവരും, അവരേക്കാൾ കൂടുതൽ ശേഷിയും ശേമുഷിയുള്ളവരും ആയ ആളുകൾ അനവധിയുണ്ട്. പല വലിയ ഉദ്യോഗസ്ഥന്മാരും കൊച്ചി ഗവൺമെണ്ടു സർവ്വീസ്സിൽ ആറാം ഫാറം പാസ്സാകാത്തവർ ഉണ്ട്.—ഇതു ഞാൻ വ്യക്തിപരമായി ആക്ഷേപിക്കുകയല്ല ചെയ്യുന്നത്—ഏതുതരത്തിൽ നോക്കിയാലും പക്ഷപാതമുള്ള ഒരു പ്രമേയമാണിതു്. ഒരു റിക്ഷാവണ്ടിക്കാരനു വോട്ടവകാശം കൊടുക്കാമെങ്കിൽ എന്തുകൊണ്ട് ഒരു വക്കീൽ ഗുമസ്ഥനു വോട്ടവകാശം കൊടുത്തുകൂടാ? അതുകൊണ്ട് ഈ പ്രമേയം പൂർണ്ണമായിട്ടുള്ളതല്ലെന്നാണ് എന്റെ അഭിപ്രായം.

LIBRARY ARCHIVES Kerala Legislative Assembly

ഏതാനുംപേക്ഷവേണ്ടി മാത്രമായുള്ള ഒരു പ്രമേയമായതുകൊണ്ട് ഇതു സ്വീകരിക്കുവാൻ നിവൃത്തിയില്ല. എഴുതാനും വായിക്കാനും അറിയാവുന്ന ഈ രാജ്യത്തെ എല്ലാ കൂട്ടത്തിലുള്ളവരേയും പെടുത്തിയിരുന്നുവെങ്കിൽ അതിനെ പിൻതാങ്ങാമായിരുന്നു. അതിനാൽ ഈ പ്രമേയം ഇതേനിലയിൽ അംഗീകരിക്കുവാൻ പാടില്ലെന്നാണ് എനിക്കു പറയുവാനുള്ളത്.

മിസ്റ്റർ കെ. എം. ഇബ്രാഹിം: സർ, എന്റെ മാന്യ സ്നേഹിതൻ ശ്രീമാൻ മത്തായി അവർകൾ പറഞ്ഞ കാരണങ്ങളാൽ ഈ പ്രമേയത്തെ എതുക്കുവാൻ എനിക്ക് സാധിക്കുന്നില്ല. പ്രായപൂർത്തി വോട്ടവകാശദാനത്തിന്റെ കാര്യത്തിൽ എതുക്കുവാനുള്ള വല്ല കാരണങ്ങളും വെച്ചുകൊണ്ടല്ലാതെ ഈ പ്രമേയത്തെ എതുക്കുവാൻ വഴിയില്ല. മിസ്റ്റർ കുട്ടി കൊണ്ടുവന്നിട്ടുള്ള പ്രമേയം നികുതി കൊടുക്കുന്നവക്കെല്ലാം വോട്ടവകാശം കൊടുക്കുകയെന്നുള്ള ഏറ്റവും സ്വീകൃതമായ ഒരു സംഗതിയെ പിടിച്ചുകൊണ്ടാണ്.

മിസ്റ്റർ സി. ആർ. ഇയ്യുണ്ണി: പബ്ലിക്ക് ഹെൽത്ത് ഡിപ്പാർട്ട്മെണ്ടിൽനിന്ന് എന്തെങ്കിലും ലൈസൻസ്സ് എടുത്തിട്ടുള്ള ആളുകൾക്കെല്ലാം വോട്ടവകാശം കൊടുക്കണമെന്നാണോ മിസ്റ്റർ ഇബ്രാഹിം പറയുന്നത്? മുനിസിപ്പാലിറ്റിക്ക് നികുതി കൊടുക്കുന്നവക്കെല്ലാം വോട്ടവകാശം കൊടുക്കുന്നതരത്തിൽ കണക്കാക്കിയാൽ തൊഴിലാളികളുടെ തോത് ആ കാര്യത്തിൽ മറ്റൊരു തരത്തിലായിരിക്കും.

മിസ്റ്റർ കെ. എം. ഇബ്രാഹിം: ശ്രീമാൻ ഇയ്യുണ്ണിയോട് എന്റെ സമാധാനം നമ്മുടെ ഈ വാദം പ്രായപൂർത്തി വോട്ടവകാശത്തോട് നമ്മെ അടുപ്പിക്കുന്ന ഒന്നൊന്ന മാത്രമാണ്. ലൈസൻസ്സ് ഫീസ്സ് കൊടുക്കുന്നവക്കെല്ലാം വോട്ടവകാശം നൽകിയതുകൊണ്ട് വേലക്കാക്ക് എന്തു ദോഷമാണു വരിക? നമ്മുടെ മാന്യ സ്നേഹിതൻ ശ്രീമാൻ മത്തായി അവർകൾ സമർത്ഥന്മാരായ വക്കീൽ ഗുമസ്ഥന്മാക്കും താഴ്ന്ന ഫാറങ്ങൾമാത്രം പഠിച്ചിട്ടുള്ളവരും പ്രാപ്തന്മാരുമായ ഗവമ്മെണ്ടുദ്യോഗസ്ഥന്മാക്കും വോട്ടവകാശം കൊടുത്തിട്ടില്ലാതിരിക്കെ ലൈസൻസ്സുകാക്ക് വോട്ടവകാശം കൊടുക്കരുതെന്നു വാദിക്കുന്നു. എന്നാൽ ഗവമ്മെണ്ടിലേക്ക് നികുതി കൊടുക്കുന്നവക്ക് വോട്ടവകാശം കൊടുക്കണമെന്നുള്ളത് നമ്മുടെ പ്രജായത്തരേണസമ്പ്രദായത്തിൽ പ്രകടിതമായിട്ടുള്ള ഒരു സംഗതിയാണ്.

മിസ്റ്റർ സി. വി. ഇയ്യു: ഉപ്പ് റവന്യൂവിന്റെ ഒരു ഭാഗമല്ലെ?

മിസ്റ്റർ കെ. എം. ഇബ്രാഹിം: പരോക്ഷമായി നികുതി കൊടുക്കുന്നവക്കും വോട്ട് വേണമെന്നാണ് എന്റെ വാദം. ഇൻഡയറക്ടായിട്ട് പലപ്രകാരത്തിലും വാസ്തവത്തിൽ ഓരോ സ്ത്രീയും ഓരോ പുരുഷനും ഗവമ്മെണ്ടിലേക്കു നികുതി കൊടുക്കുന്നുണ്ട്. അവരും ഗവമ്മെണ്ടിന്റെ ഭണ്ഡാഗാരത്തെ പോഷിപ്പിക്കുന്നുണ്ട്. പരിപൂർണ്ണമായിട്ടുള്ള ഉത്തരവാദിതപ്രഭരണത്തിനുവേണ്ടി മിസ്റ്റർ ഇയ്യുണ്ണിയും മിസ്റ്റർ മത്തായിയും മിസ്റ്റർ ഇയ്യുവും എന്നോക്കാൾ കൂടുതൽ വാദിക്കുമെന്നാണ് എന്റെ വിശ്വാസം. (ചിരി) നമ്മുടെ ആ അവകാശത്തിന്റെ ഒരു പ്രധാന ഭാഗത്തെക്കുറിച്ചു മിസ്റ്റർ കുട്ടി വാദിച്ചിട്ടുള്ളത് വലിയ അപകടമായിട്ടുണ്ടെന്നുള്ള ബോദ്ധ്യം എനിക്കില്ല. അതുകൊണ്ട് ഈ കാരണങ്ങൾകൊണ്ടൊന്നും ഈ പ്രമേയത്തെ എതിർക്കുവാൻ നിവൃത്തിയില്ലെന്നാണ് എനിക്കു തോന്നുന്നത്. എല്ലാവരും ഇതിനെ അനുകൂലിക്കുകയാണ് വേണ്ടതെന്നു ഞാൻ ഈ ബഹുമാനപ്പെട്ട നിയമസഭയെ ഉൽബോധിപ്പിക്കുന്നു.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ഈ പ്രമേയത്തെ പ്രത്യക്ഷമായിട്ടല്ലെങ്കിലും പരോക്ഷമായിട്ട് എതിർത്തിട്ടുള്ള മെമ്പർമാക്ക് ഇതിനെ സംബന്ധിച്ചു ചില സം

LIBRARY ARCHIVES Kerala Legislative Assembly

ശയങ്ങൾ കടന്നുകൂടിയിട്ടുണ്ട്. ഈ പ്രമേയം പ്രായപൂർത്തി വോട്ടകാശത്തിനു നിമയതടസ്സം വരുത്തുമെന്നുള്ളതാണ് ആ സംശയം. പ്രായപൂർത്തി വോട്ടവകാശത്തിനുവേണ്ടിയുള്ള പ്രമേയം നാളെയോ മറോ അവതരിപ്പിക്കുവാൻ യാതൊരു നിയമതടസ്സവുമില്ല. പക്ഷെ അതിനു് നോട്ടീസ്സുകൊടുക്കുന്നതിനുള്ള സമയം കൌൺസിലിന്റെ ഈതവണത്തെ യോഗത്തിൽ ഇല്ലെന്നേയുള്ളൂ. മിസ്റ്റർ കുട്ടിയുടെ പ്രമേയത്തിൽ ആവശ്യപ്പെട്ടിരിക്കുന്നതു് ഗവമ്മെണ്ടിലേക്കു നികുതി കൊടുക്കുന്നവക്കെല്ലാം സമ്മതിദാനാവകാശം കൊടുക്കണമെന്നാ ഒരു തത്വമാണ്. ആ തത്വം പൂർത്തിയായിട്ടില്ലെന്നതു് ശരിയാണ്. ആ തത്വം വെച്ചുകൊണ്ടാണു് മുനിസിപ്പാലിറ്റികളിൽ കാപ്പി കച്ചവടക്കാക്കും മറും വോട്ടവകാശം നൽകീട്ടുള്ളതു്. ആ നിലയിൽ ഗവമ്മെണ്ടു് ഈ തത്വം സ്വീകരിക്കുന്നപക്ഷം ഇതനുസരിച്ചു നമുക്കു പടിപടിയായി ഗവമ്മെണ്ടിനെ നിർബ്ബന്ധിച്ചു മുമ്പോട്ടുകൊണ്ടുപോകുവാൻ സാധിക്കും. ഏതെങ്കിലും തരത്തിൽ ഈ പ്രമേയം ഇവിടെ പാസാക്കുന്നതായാൽ മിസ്റ്റർ ഇയ്യണ്ണിയുടെ വാദമനുസരിച്ചുള്ള ഒരു പ്രമേയം ഇവിടെ ഉടനടി അവതരിപ്പിക്കുവാനും പാസാക്കുവാനും സാധിക്കുന്നതാണ്. പ്രായപൂർത്തി വോട്ടവകാശത്തിനുവേണ്ടി കഴിഞ്ഞ രണ്ടു മൂന്നു കൊല്ലങ്ങളായിട്ടു ഇവിടെ പ്രവൃത്തിച്ചുവരുന്നുണ്ട്. ഇവിടെ പ്രമേയം പാസ്സായാലും നടപ്പാക്കുന്നവിഷയത്തിൽ ഗവമ്മെണ്ടിന്റെ നില നാം കണ്ടറിഞ്ഞിട്ടുള്ളതാണ്. മിസ്റ്റർ ടി. കെ. നായരുടെ പരിപൂർണ്ണ ഉത്തരവാദിതഭരണത്തിന്റെ ഒരു പടിക്രുടിയുള്ള പ്രമേയത്തെ സംബന്ധിച്ചുള്ള നില വകവെച്ചുകൊടുത്ത മിസ്റ്റർ മത്തായിയും മിസ്റ്റർ ഇയ്യണ്ണിയും ഈ പ്രമേയത്തെസംബന്ധിച്ചു പറയുന്നതു്.....

മിസ്റ്റർ വി. ജെ. മത്തായി: വകവെച്ചുകൊടുത്തിട്ടില്ല.

മിസ്റ്റർ പുത്തൂർ അച്യുതമേനോൻ: ആ പ്രമേയത്തെ അനുകൂലിച്ചു അവർ വോട്ടുചെയ്തിട്ടുണ്ട്. പ്രായപൂർത്തി വോട്ടകവാശത്തിനുവേണ്ടി ശ്രമിച്ചുകൊണ്ടിരിക്കുന്നതിനിടക്കു എതെങ്കിലും നികുതി കൊടുക്കുന്നവക്കു വോട്ടവകാശം കൊടുക്കണമെന്നുള്ള പ്രമേയം സ്വീകരിക്കുന്നതുകൊണ്ടു് പ്രായപൂർത്തി വോട്ടവകാശവാദത്തിനു് അതൊരു എതിരായിവരുന്നില്ല. അതുകൊണ്ടു് ഈ പ്രമേയത്തെ ഈ നിയമസഭ വളരെ ശക്തിയോടുകൂടി പിൻതാങ്ങണമെന്നു ഓരോ സാമാജികന്മാരോടും ഞാൻ അപേക്ഷിച്ചുകൊള്ളുന്നു.

**Mr. E. Ikkanda Warriar** *(Cheruthuruthi):* Let us know the Government position?

**Mr. K. Achyuta Menon** *(Secretary to Government):* The Government position has not changed. This is not a new resolution. It came in the year 1940 in perhaps the same form by the same Hon'ble Member and it ran thus.—"യന്ത്രങ്ങൾ ഉപയോഗിച്ചു നടത്തുന്ന ജലവാഹനങ്ങളിലും കരവാഹനങ്ങളിലും ഫാക്ടറികളിലും ജോലി ചെയ്യുന്ന ഡ്രൈവർ, സ്രാങ്ക്, മാസ്റ്റർ, കണ്ടക്ടർ എന്നീ ലൈസൻസുള്ള ജോലിക്കാക്കും നിയമസഭാ തിരഞ്ഞെടുപ്പുകളിലും മുനിസിപ്പൽ തിരഞ്ഞെടുപ്പുകളിലും സമ്മതിദാനാവകാശം നൽകണമെന്നു് ഈ യോഗം ബഹുമാനപ്പെട്ട ഗവമ്മെണ്ടിനോടു ശുപാർശ ചെയ്യുന്നു." and it was lost. Just the statutory year has passed enabling the hon'ble member to move again. I don't attach much importance to the fact that it was lost. But I say the Government's

LIBRARY ARCHIVES Kerala Legislative Assembly

position remains the same. I am not surprised at the fact that it was lost.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* Much water has flown after 1940.

**Mr. K. Achyuta Menon** *(Secretary to Government):* Yes. Much water has flown under these "votes" *(laughter.)* Really the recommendation is to give franchise to those engaged in transport services under a license. That is the best way to put and perhaps the most strong way in which I can put the resolution. All those attempts at reconciling the principle which underlies this recommendation with the principle underlying adult franchise are useless. It is impossible to maintain that the principle contained in this resolution is not opposed to the principles contained in adult franchise.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* Are you going to accept the question of adult franchise?

**Mr. K. Achyuta Menon** *(Secretary to Government):* What I will do when a resolution for adult franchise comes remains to be seen. It is a region into which I refuse to be drawn into at the present moment. The principle underling this resolution cannot by any stretch of imagination or logic be said to be reconcilable with the principle underlying adult franchise. If adult franchise is granted a man without property qualification, tax qualification or literary qualification will be entitled to have a right of vote merely because he is a citizen of this State and has come of sufficient age to understand the nature and value of the vote. In other words, we presume that he is to vote consciously.....

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* It was explained here that it is in furtherance of the principle already accepted by the Government in granting franchise at present.

**Mr. K. Achyuta Menon** *(Secretary to Government):* The Government have not accepted the principle of adult franchise as yet. Now I am only meeting the argument that this is reconcilable with the principle underlying adult franchise. I say anybody voting for this can have no faith in adult franchise. Let us, therefore, forget adult franchise and any attempt to make it appear that this is reconcilable with adult franchise. If you are asking something based on adult franchise it would have been different. The argument for enlarging the franchise in favour of a tax-payer is a deviation from the very principle underlying adult franchise.

My objection to this resolution are twofold. One is that the Franchise Committee on the recommendations of which we went to the polls did really enlarge the franchise to a large extent, and the

LIBRARY ARCHIVES Kerala Legislative Assembly

council which was called into being in pursuance of this extended franchise is still sitting. My argument will be that these sort of experiments or inroads into the franchise by giving the right of vote piecemeal and trying to put it upon some bases is hardly justifiable. Moreover this resolution just ignores the rights of similarly circumstanced persons in many trades. The demand is not even for all people who pay license fee. I may say *e.g.*, that barbers also pay license fee.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* Are they not given right to vote in the Municipal elections ?

**Mr. K. Achyuta Menon** *(Secretary to Government):* This is a resolution which does not content itself with municipal elections alone. Different considerations prevail with reference to different institutions and different entities. The present qualifications for a vote are educational qualifications, property qualifications, that is possession of real or immovable property, and lastly income-tax.

**Mr. K. R. Viswambharan** *(Ezhuvas-Talappalli):* It is only by virtue of the fact that they pay assessment to the Government that they are given the right to vote.

**Mr. K. Achyuta Menon** *(Secretary to Government):* Assessment implies that their interest is not precarious or predatory. It is based upon fixity of interest. The licensed man cannot transfer his license. If he ceased to be a driver he ceases to be a licensee. He need not be a man of this place, and very often he is not. The possession of a temporary license is not a criterion upon which we can base the right of franchise, because that franchise or license does not evidence a vested right in a constituency in which he may happen to run his vehicle. The difficulty is, he may run his vehicle through many constituencies. There is another danger. If a Driver is going to vote for *A* and a man who is going to vote for *B* gets into his vehicle the probability is that the man may not reach the voting station at all. It is not unimaginable. Of course, that is a minor problem. The point is they are only in possession of a license which can enure only for a short period. The license is liable to be revoked or is liable to be cancelled. There are petty traders. There are a number of people similarly circumstanced. But we are asked to restrict ourselves to these *thozhilalies* alone. These were the very same arguments advanced by us last time.

**Mr. K. M. Ibrahim** *(Cranganur):* Our point is not about the reconcilability or irreconcilability of enfranchising license-holders to adult franchise at all. Only a casual statement was made by us that it takes us nearer to adult franchise. Whether it tantamounts to adult franchise or not was not at all the issue.

LIBRARY ARCHIVES Kerala Legislative Assembly

The second point of distinction attempted by the Hon'ble Member is transference of interest. Government's only consideration according to the theory of representation for all taxes, can be whether there is any payment to the exchequer. How can the fact whether the interest by virtue of which the taxation is effected is transferable or not make any difference in respect of the claim for enfranchisement? Please do not try to confuse our thoughts.

**Mr. M. K. Devassy** *(Adur):* Sir, I rise to support the motion. According to me all the weaknesses of the resolution pointed out from the Treasury Bench constitute the very strength and backbone of the motion. I must really congratulate my hon'ble friend Mr. Kutty for the intelligent and practical way in which he has framed this resolution. If the Treasury Bench has not understood the real purpose of so framing the resolution it is because the Treasury Bench has not studied its own self. The simple reason is this. The Treasury Bench, a conservative government, a government that is opposed to all the progressive ideals, a Government that is prepared to oppose the highest ideal of adult franchise to the core is the biggest monster lying between adult franchise and the present system and the only method of attacking that monster is by cutting its limbs little by little until the progressive realisation of that ideal. It is not a step from the lowest rung to the highest but we are rising from one rung to the other until Government will realise that there is no difference between adult franchise and the state of franchise that is existing.

**Mr. K. Achyuta Menon** *(Secretary to Government):* You are not climbing up the ladder of adult franchise. You are climbing up by another ladder.

**Mr. M. K. Devassy** *(Adur):* We are climbing the ladder by several rungs until you will learn that you are completely netted. I support the motion and I hope the Government Secretary will understand the wisdom underlying the framing of this motion.

**Mr. A. B. Salem** *(Mattancheri):* Sir, I rise to support the motion. The widening of the franchise is the actual question that is involved. Our view is to make the Government of Cochin to be carried on with the consent of the governed and that is the main principle from which all these franchise questions come out. From the point of view that the government of a country must have the consent of the governed every adult person in the State must be given a vote, whether he pays tax or not. Everyone in the country pays tax direct or indirect. The poorest man in the village, in the hut, buying a pice of salt for his daily use pays a tax. The poorest man buying one pice worth of kerosene oil pays the tax. The man



LIBRARY ARCHIVES Kerala Legislative Assembly

who buys a little tobacco pays tax. Therefore, the question of tax being paid is really begging the whole question. Every man pays tax. Therefore every man has got a right to give his consent to the administration of the country which passes orders over his head. That is the main principle on which the widening of the franchise is based. What is the question before the House? The great charmer of the House—the Secretary to the Government—he has got very different kinds of musical instruments to charm this House. Sometimes it will be a flute, sometimes *Veena*, another time Fiddle, then a *Maddhalam* and at times a Drum. *(Laughter)*

**Mr. K. Achyuta Menon** *(Secretary to Government)* Sometimes a monster too.

**Mr. A. B. Salem** *(Mattancheri):* He knows how to put these things from the official point of view and diplomacy is an art which they are practising, and therefore, even their real intentions we cannot understand. But we can see through them. We have got television which makes us possible to see them through. There are veterans on this side also who know all the ways of the Government and I am not in the bit affected by the great charming musical way in which he plays the game inside this House. There is this fact. There is a resolution here to widen the franchise. I was surprised to hear a question being asked from the Treasury Bench, whether the barber has got a vote. Almost all the barbers in Cochin have got vote. Any man who pays a tax of Rs. 2—8—0 has got a vote. All the arguments which the Secretary advanced are arguments to support a proposition which he knows he cannot properly support. What is the difficulty in granting your own people the franchise? After all, are we not your own people? Here there is no question as in British India of a fight between one ruling race and another subject race. Here the fight is between subjects and subjects. There is really no reason why we should fight here for the expansion of the franchise. Give franchise to your own people. The more the better. There is the literacy qualification. How many of the literate people go to the polling booth and say "വായിക്കാൻ അറിയില്ല (do not know to read)" to give open votes. The people who are unable to say that they cannot read and write say "കണ്ണട വേണം" (want spectacles). That is the thing that is taking place. But we are not baffled in these elections by those little abuses. They will exist in every country. But that cannot be a ground to oppose the widening of a franchise. Therefore, this is a proposition to widen the franchise a little more, and we think it is a proposition well worth the consideration of the Government. At first the tax qualification was ten rupees. Then five rupees. Now it is still lower. Any tax. We have come to

LIBRARY ARCHIVES Kerala Legislative Assembly

that stage. Let me ask a question. Most of the fishermen have got a vote. We made a little jugglery there. They have got fishing stakes which are rooted in the soil under the water. So there was a stake in the land or rather in the water and in the land under it and they are given votes.

**Mr. K. Achyuta Menon** *(Secretary to Government):* That is why I anticipated and said "transferable rights".

**Mr. A. B. Salem** *(Mattancheri):* The man who has got a non-transferable right is still more restricted than a man who has got a transferable right. The arguments that have been advanced do not appeal to my mind. I would certainly support this proposition to widen the franchise. I am sure that a democratic minded sovereign would certainly accept the wishes of the people and widen the franchise to every poor people and every humble working citizen in the State. To say that the man may come from Timbuctoo or Calicut and be a driver here is far-fetched. You can issue an order that none but Cochinite will be given a driving license in Cochin. All these things do not make me accept the argument. And the fact that two years ago you opposed this proposition could be understood. But the fact that two years after, again you oppose will only show that the Government is not responsive to the wishes of the people and shall I say in the words of Montague is "antedeluvian and wooden". Therefore, let us progress towards the progressive realisation of the goal of responsible government and these are such steps and therefore worthy of support. I, therefore, support this resolution.

* മിസ്റ്റർ വി. കെ. കുട്ടി: സർ, ഇതിനെപ്പറ്റി കൂടുതലായി പ്രസംഗിക്കണമെന്നു ഞാൻ വിചാരിക്കുന്നില്ല. എന്നാൽ ഒന്നുരണ്ടു സംഗതികൾ ഇവിടെ പറയാതെ നിവൃത്തിയില്ല. എന്റെ ഈ പ്രമേയം ഒന്നുകൂടി വിപുലീകരിച്ചു പാസ്സാക്കേണ്ടതാണെന്നുള്ള വാദത്തിനു് ചില ബഹുമാനപ്പെട്ട സമാജികന്മാർ പ്രാധാന്യം കൊടുത്തുകാണുന്നുണ്ടു്. പക്ഷെ എന്റെ അനുഭവത്തിൽ ഈ പ്രമേയം വിപുലീകരണത്തിനു് വിരോധമല്ലെന്നുള്ള അഭിപ്രായമാണു് എനിക്കുള്ളതു്. ബഹുമാനപ്പെട്ട തോട്ടക്കാരുടെ മെമ്പർ ഒരവസരത്തിൽ ഇവിടെ പ്രസംഗിച്ചതു് പ്രായപൂർത്തി വോട്ടവകാശം വേണമെന്നാണു്. അങ്ങിനെ വോട്ടവകാശം കൊടുക്കുന്നപക്ഷം ചുമട്ടുകാർക്കും ചെത്തുകാർക്കും പഞ്ചായത്തുകളിൽ വോട്ടവകാശം കൊടുക്കേണ്ടിവരും. അതിനെല്ലാം മിസ്റ്റർ പണിക്കർ മറുപടി പറഞ്ഞിട്ടുണ്ടു്. പ്രായപൂർത്തി വോട്ടവകാശം കൊടുത്തുകഴിഞ്ഞാൽ ഇപ്പോലെയുള്ള വലിയ വലിയ സ്വാപനങ്ങളെ പ്രതിനിധീകരിക്കുന്നവർക്കു മാത്രമെ ഗുണമുള്ളു.

മിസ്റ്റർ വി. ജെ. മത്തായി: സമുദായവാദംകൊണ്ടാണു് ഇങ്ങിനെ പറയുന്നതു്.

---

* Speech not corrected by hon'ble member.

LIBRARY ARCHIVES Kerala Legislative Assembly

മിസ്റ്റർ വി. കെ. കുട്ടി: സമുദായവാദംകൊണ്ടൊന്നുമല്ല, പ്രായപൂർത്തി വോട്ടവകാശംകൊണ്ട് വല്ല ഗുണവുമുണ്ടെങ്കിൽ അതു് മിസ്റ്റർ മത്തായിയെപ്പോലെ വലിയ സ്ഥാപനങ്ങളെ പ്രതിനിധീകരിക്കുന്നവർക്കു മാത്രമാണു്. എന്റെ ഈ പ്രമേയത്തിന്റെ ആവശ്യം ഇവിടെ ധരിപ്പിച്ചുകഴിഞ്ഞു. ഇതു് ഈ സഭ അംഗീകരിക്കണമെന്നുള്ള അപേക്ഷയോടുകൂടി ഞാൻ ഈ പ്രമേയത്തെ പ്രസ്സു് ചെയ്യുന്നു.

*Resolution put and carried*

*The House rose for the day at 5 p.m.*

C. J. MATHEW

*Secretary to the Council*

LIBRARY ARCHIVES Kerala Legislative Assembly